**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1939

07.03.2017-ൽ
മറുപടിക്ക്

**ചെറുപുഴ പോലീസ് സ്റ്റേഷൻ**

| ചോദ്യം<br>**ശ്രീ.സി.കൃഷ്ണൻ** | | മറുപടി<br>**ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ ചെറുപുഴ പോലീസ് സ്റ്റേഷൻ എന്നാണ് പ്രവർത്തനം ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 633/2016/ ആഭ്യന്തരം തീയതി.25.02.2016 എന്ന ഗസറ്റ് വിജ്ഞാപന പ്രകാരം ചെറുപുഴ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പോലീസ് സ്റ്റേഷനിൽ കേസുകളും മറ്റും രജിസ്റ്റർ ചെയ്യുന്നതിന് നിലവിൽ അധികാരമുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്. |
| (സി) | ചെറുപുഴ പോലീസ് സ്റ്റേഷനിൽ ആവശ്യമായ ജീവനക്കാരെ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) | നിലവിൽ മറ്റ് സ്റ്റേഷനുകളിൽ നിന്നും പുനർ വിന്യാസം നടത്തി ചെറുപുഴ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചു വരുന്നു. ഇവിടേയ്ക്ക് ജീവനക്കാരെ അനുവദിക്കുന്ന കാര്യം പരിഗണനയിലാണ്. |
| (ഡി) | ചെറുപുഴ പോലീസ് സ്റ്റേഷന് പൂർണ്ണ അധികാരത്തോടെ എന്ന് പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) | ചെറുപുഴ പോലീസ് സ്റ്റേഷൻ പൂർണ്ണ അധികാരത്തോടുകൂടിയാണ് പ്രവർത്തിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ